# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നിയമസഭാചോദ്യം നം. 2123 — 07-07-2015-ൽ മറുപടിയ്ക്ക്

**കാരുണ്യ ബെനവലന്റ് സ്കീം എറണാകുളം ജില്ല**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) | കാരുണ്യ ബനവലന്റ് സ്കീം പ്രകാരം അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള എറണാകുളം ജില്ലയിലെ സ്വകാര്യ ആശുപത്രികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | എ) | അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള എറണാകുളം ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| ബി) | പ്രസ്തുത ആശുപത്രികളിൽ നിശ്ചിത രോഗങ്ങൾ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നത് മൂലം അർഹരായ നിരവധി സാധാരണക്കാർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ, പദ്ധതി ഗുണഭോക്താക്കൾക്കുകൂടി ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടെ പാക്കേജുകളും നിരക്കും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് കാഷ്‌ലസ് ചികിത്സ നൽകുന്നതിനു തയ്യാറായി വന്നിട്ടുള്ള സർക്കാരിതര ആശുപത്രികളെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്.<br><br>കാരുണ്യ സ്കീമിൽ ഉൾപ്പെട്ട രോഗങ്ങൾക്ക് വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും കാരുണ്യ വ്യവസ്ഥ അംഗീകരിക്കുന്നതുമായ സ്വകാര്യ ആശുപത്രികൾക്കാണ് അക്രെഡിറ്റേഷൻ നൽകിയിട്ടുള്ളത്.<br><br>എന്നാൽ പദ്ധതി പ്രകാരമുള്ള എല്ലാ പാക്കേജുകളും ഏറ്റെടുക്കാൻ പല സ്വകാര്യ ആശുപത്രികളും തയ്യാറായിട്ടില്ല.<br><br>ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നി രോഗങ്ങളുടെ ചികിത്സ, കരൾ, തലച്ചോർ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ എന്നീ രോഗങ്ങളായിരുന്നു പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ |

| | | | |
|---|---|---|---|
| | | | മാരകമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്ന നാഡി എന്നിവയ്ക്കും ചികിത്സാ ധനസഹായം നൽകി വരുന്നു. |
| സി) | ജില്ലയിലെ കൂടുതൽ ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനും എല്ലാ മാരക രോഗങ്ങളെയും പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ? | സി) | ആധുനിക ചികിത്സാ/സേവന സൗകര്യങ്ങൾ ഉള്ളതും കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട് പാക്കേജുകൾ അംഗീകരിച്ച് ധാരാണാപത്രം ഒപ്പ് വയ്ക്കാൻ തയ്യാറായിട്ടുള്ളതുമായ കൂടുതൽ സ്വകാര്യ ആശുപത്രികളെ പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതാണ്. വരുമാനത്തേക്കാൾ ധനസഹായത്തിനുള്ള ആവശ്യം അധികരിച്ചിരിക്കുന്നതിനാൽ കൂടുതൽ ചികിത്സാ ചെലവ് വരുന്ന എല്ലാ മാരക രോഗങ്ങളേയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള എറണാകുളം ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെ പേരു വിവരം

| ക്രമ നമ്പർ | ആശുപത്രികളുടെ പേര് |
|---|---|
| 1) | ലിറ്റിൽ ഫ്ലവർ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ, അങ്കമാലി, എറണാകുളം |
| 2) | പി.എസ്.മിഷൻ ഹോസ്പിറ്റൽ, മരട്. |
| 3) | ലിസി ഹോസ്പിറ്റൽ, എറണാകുളം |
| 4) | കിംസ് ഹോസ്പിറ്റൽ, കൊച്ചി |
| 5) | ലൂർദ്സ് ഹോസ്പിറ്റൽ, പച്ചാളം, കൊച്ചി. |
| 6) | ഫാത്തിമ ഹോസ്പിറ്റൽ, പെരുംപടപ്പ്, കൊച്ചി. |
| 7) | ആസ്റ്റർ ഡി.എം. ഹെൽത്ത് കെയർ (ആസ്റ്റർ മെഡി സിറ്റി) |
| 8) | സിറ്റി ഹോസ്പിറ്റൽ, എറണാകുളം |
| 9) | ശ്രീ നാരായണ മെഡിക്കൽ മിഷൻ, എറണാകുളം. |
| | **ഡയാലിസിസ് സെന്ററുകളുടെ പേര്** |
| 1) | വിജയകുമാര മേനോൻ ഹോസ്പിറ്റൽ, തൃപ്പൂണിത്തുറ. |
| 2) | മാർ അഗസ്റ്റിൻ ജൂബിലി ഹോസ്പിറ്റൽ, ഇടപ്പള്ളി. |
| 3) | സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റൽ, എറണാകുളം (നോർത്ത്). |
| 4) | ശാന്തി ഫ്രീ ആന്റ് സബ്സിഡൈസ്ഡ് ഡയാലിസിസ് യൂണിറ്റ്, കോതമംഗലം. (മാർ ബസേലിയോസ് മിഷൻ ഹോസ്പിറ്റലിനോട് ചേർന്ന് പ്രവർത്തിക്കുന്നത്) |
| 5) | സെന്റ് ജോർജ്ജ് ഹോസ്പിറ്റൽ, മൂവാറ്റുപുഴ. |

സെക്ഷൻ ഓഫീസർ